കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 2017 ഒക്ടോബർ 23,24 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന ജെൻഡർ സെൻസറ്റൈസേഷൻ പ്രോഗ്രാം മറ്റു പരിശീലന പരിപാടികളിൽ നിന്നും വളരെ വ്യത്യസ്തത പുലർത്തി. 7 ജില്ലകളിൽ നിന്നുള്ള കുടുംബശ്രീ മിഷൻ ഉദ്യോഗസ്ഥരാണ് ഇതിൽ പങ്കെടുത്തത്. പരിശീലന പരിപാടിക്ക് നേതൃത്വം നൽകിയത് ബാംഗ്ലൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 'വിസ്താർ' എന്ന സംഘടനയിലെ പരിശീലകരായ ശ്രീമതി മേഴ്സി കാപ്പൻ, ശ്രീ റോഷൻ എന്നിവരാണ്. ഇവർ വളരെ ലളിതമായും എന്നാൽ കാര്യഗൗരവത്തോടും കൂടിയാണ് വിഷയങ്ങൾ അവതരിപ്പിച്ചത്.

ലിംഗ സമത്വം എന്നത് പല ആളുകൾക്കും ഉൾക്കൊള്ളാൻ കഴിയാത്ത ഒന്നാണ്. ശാരീരികവും മാനസികവും ബൗദ്ധികവുമായ തലങ്ങളിൽ വ്യത്യസ്തത പുലർത്തുന്ന സ്ത്രീയും പുരുഷനും ഒരു പോലെ പരിഗണിക്കപ്പെടേണ്ടതില്ല എന്ന ശക്തമായ വാദമാണ് കാലാകാലങ്ങളായി സമൂഹം നിരത്തുന്നത്. കുടുംബത്തിന്റെയും കുട്ടികളുടെയും പരിചരണവും ഉന്നമനവും മാത്രമാണ് സ്ത്രീയുടെ ലക്ഷ്യമെന്ന് അവർ പുരുഷന്റെ അധീനതയിൽ നിൽക്കേണ്ടവളാണെന്നുമുള്ള നിലപാടാണ് സമൂഹം സ്വീകരിച്ചിരിക്കുന്നത്. സമൂഹത്തിന്റെ ഇത്തരത്തിലുള്ള നിലപാടുകളിൽ നിന്നുമാണ് ലിംഗ പദവി എന്ന ആശയം ഉരുത്തിരിഞ്ഞത്.

ഉദ്യോഗസ്ഥരും പരിശീലകരും തമ്മിൽ ആശയവിനിമയത്തിനും സംവാദത്തിനും മുൻതൂക്കം നൽകിയായിരുന്നു പരിശീലന പരിപാടി മുന്നോട്ടു പോയത്. സ്ത്രീ, പുരുഷൻ, ഭിന്നലിംഗം, ഹോമോസെക്ഷ്വൽ, ഹെക്ടറോസെക്ഷ്വൽ, സ്ട്രാറ്റജിക് ജെൻഡർ നീഡ്സ് (SGN), പ്രാക്ടിക്കൽ ജെൻഡർ നീഡ്സ് (PGN), സമത്വം, സ്ത്രീ സുരക്ഷ പദവി തുടങ്ങിയ വിവിധ കാര്യങ്ങളെ കുറിച്ചുള്ള വിശദമായ ക്ലാസ്സുകൾ ഉണ്ടായിരുന്നു. വിവിധങ്ങളായ ഗ്രൂപ്പ് ഡിസ്ക്കഷനിലൂടെയും പ്രസന്റേഷനുകളിലൂടെയും സ്കിറ്റുകളിലൂടെയുമാണ് ഓരോ വിഷയങ്ങളും അവതരിപ്പിക്കപ്പെട്ടത്. ആദ്യ ദിവസം വൈകീട്ട് ജെൻഡർ സെൻസിറ്റൈസേഷൻ പ്രോഗ്രാമിന്റെ ഔദ്യോഗിക ഉദ്ഘാടന ചടങ്ങ് നടന്നു. ബഹുമാന്യനായ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, സംവിധായക വിധു വിൻസെന്റ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് വിധു വിൻസെന്റ് സംവിധാനം ചെയ്ത, സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയ 'മാൻഹോൾ'എന്ന ചിത്രം പ്രദർശിപ്പിച്ചു. സമൂഹത്തിലുള്ള വിവേചനം തുറന്ന് കാട്ടു

ന്നതും വളരെയധികം ചിന്തിപ്പിക്കുന്നതും മനസ്സിനെ സ്പർശിക്കുന്നതുമായ ഒരു ചിത്രമായിരുന്നു അത്.

രണ്ടാം ദിവസം സ്ത്രീകൾ നേരിടുന്ന വിവേചനം, അതിക്രമങ്ങൾ അവർക്ക് വേണ്ട ശാക്തീകരണം നിയമങ്ങൾ തുടങ്ങിയ വിഷയങ്ങൾ അവതരിപ്പിക്കപ്പെട്ടു. ആശയ സംവാദങ്ങളിലൂടെ ഉത്തരം കണ്ടെത്തി മനസ്സിലാക്കുന്ന തരത്തിലാണ് ഓരോ വിഷയങ്ങളും കടന്നു പോയത്. ചുരുക്കം ചില പോരായ്മകൾ മാറ്റി നിർത്തിയാൽ വളരെ നല്ല ഒരു അനുഭവമായിരുന്നു ഈ പരിശീലന പരിപാടി.

പൊന്നി കണ്ണൻ
ജില്ലാ പ്രോഗ്രാം മാനേജർ
ട്രൈബൽ
കുടുംബശ്രീ, എറണാകുളം